## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

വിഴിഞ്ഞം പദ്ധതിയുടെ സാമ്പത്തിക - സാങ്കേതിക ബിഡുകള്‍

7708 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, ബി. സത്യന്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക ബിഡുകളില്‍ അന്തിമ തീരുമാനമായോ; ആര്‍ക്കാണ് നിര്‍മ്മാണച്ചുമതല ലഭിച്ചിരിക്കുന്നത്;

(ബി) പദ്ധതിയുടെ സര്‍ക്കാര്‍ പരിഗണിക്കുന്ന സാമ്പത്തിക ബിഡ് ഏത് കമ്പനിയുടേതാണ്; ഈ കമ്പനി ഏറ്റവും ഒടുവില്‍ സമര്‍പ്പിച്ച ഓഫര്‍ എന്താണ്; ഇത് സ്വീകരിച്ചിട്ടുണ്ടോ;

(സി) സര്‍ക്കാരിന് വേണ്ടി വിലപേശല്‍ നടത്തിയത് ആരൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

7709

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു മുതൽ തുടങ്ങാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാവാതിരിക്കുവാൻ അന്യസംസ്ഥാന ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം ലോബികൾ കേന്ദ്ര സർക്കാരിനു മേൽ സ്വാധീനം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിഴിഞ്ഞം തുറമുഖം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നയം സംസ്ഥാനത്തിന് പ്രയോജനപ്രദമാകുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം</u>

7710 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കേൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണം നടന്നുവരുന്നത് എവിടെയെല്ലാമാണ്;

(സി) മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണത്തിനായി ഓരോന്നിനും എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) നടപ്പു സാമ്പത്തിക വർഷം എന്തു തുക ഇതിനായി നീക്കിവച്ചിട്ടുണ്ട്; തുക വർദ്ധിപ്പിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ;

(ഇ) മത്സ്യമേഖലയുടെ സമഗ്രവികസനത്തിനായി പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പുന്നപ്ര ഫിഷ്‌ലാന്റിംഗ് സെന്റർ</u>

7711 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരാണ് നിയന്ത്രിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷ് ലാന്റിംഗ് സെന്റർ ഈ സാമ്പത്തിക വർഷം ലേലം ചെയ്ത് ആരെയെങ്കിലും ഏൽപ്പിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) ലേലം ചെയ്യുന്ന വിവരം ഫിഷ് ലാന്റിംഗ് സെന്റർ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിനെ അറിയിക്കാറുണ്ടോ;

(ഡി) എത്ര തുകയ്ക്കാണ് ലേലം ഉറപ്പിച്ചത്; എത്ര പേർ ലേലത്തിൽ പങ്കെടുത്തു; ലേല തുക മുഴുവൻ സർക്കാരിലേയ്ക്ക് ഒടുക്കിയോ;

(ഇ) ഫിഷ് ലാന്റിംഗ് സെന്ററിലെ കെട്ടിടങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>തീരദേശ വികസന അതോറിറ്റിയുടെ ചുമതലകൾ</u>

7712 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന അതോറിറ്റിയുടെ നടപ്പ് വർഷത്തെ പ്രവർത്തനത്തിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; തുക വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) തീരദേശ വികസന അതോറിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണ് ;

(സി) ഈ ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി അതോറിറ്റിക്ക് ഏർപ്പെടുത്തിയിട്ടുളള സൗകര്യങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വിതരണം</u>

7713 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ.എം. ആരിഫ്
,, കെ.വി. അബ്ദുൾ ഖാദർ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിപ്രകാരമുള്ള തുക വിതരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത തുകയുടെ വിതരണം ആരംഭിച്ചോ എന്നും എങ്കിൽ എത്ര തൊഴിലാളികൾക്ക് ഇതുവരെ ആനുകൂല്യം ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഉത്തരവാദിത്തം ആർക്കെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക പൂർണ്ണമായും എന്ന് നൽകാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തീരദേശ വികസന അതോറിറ്റി</u>

7714 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന തീരപ്രദേശങ്ങളുടെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രാദേശിക അസന്തുലിതാവസ്ഥ ജനങ്ങളിലെ സുരക്ഷിതത്വബോധം നഷ്ടപ്പെടുത്തുമെന്നതിനാൽ തീരദേശ മേഖലയുടെ വികസനത്തിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) തീരദേശ വികസനം ലക്ഷ്യമാക്കി ഏതെങ്കിലും അതോറിറ്റി ഫിഷറീസ് വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തീരദേശ റോഡ് വികസനം</u>

7715 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ വികസന രംഗത്തുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനായി തീരദേശ റോഡുകളുടെ വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തീരദേശ റോഡ് വികസനത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയെന്നും ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തീരദേശ റോഡു വികസനത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; ഇത് മുൻ വർഷം അനുവദിച്ച തുകയെക്കാൾ കൂടുതലാണോ ; എങ്കിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) തീരദേശ വികസനം ഏത് ഏജൻസി വഴിയാണ് നിർവ്വഹിക്കപ്പെടു ന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

മൽസ്യ ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

7716 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത മൽസ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, സമ്പൂർണ്ണ വൈദ്യുതീകരണം, ശുചിത്വപരിപാലനം, ജീവനോപാധി പ്രവർത്തനങ്ങളുടെ പൊതുസംവിധാനം എന്നിവയ്ക്കായി പ്രത്യേക പദ്ധതി മൽസ്യബന്ധന വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മൽസ്യബന്ധന വകുപ്പിലെ ഏതു ഏജൻസിയെ ആണ് ഈ പദ്ധതികളുടെ നടത്തിപ്പിനായി നിയോഗിച്ചിരിക്കുന്നത്;

(സി) ഇതിനായി ഇപ്പോൾ എന്തു തുക വകയിരുത്തിയിരിക്കുന്നുവെന്നും ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഫിഷറീസ് സർവ്വകലാശാല</u>

7717 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം.പി. വിൻസെന്റ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്ത് പുതിയ സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ എന്തുതുക വകയിരുത്തിയിട്ടുണ്ട്; കേന്ദ്ര സർക്കാരിൽ നിന്ന് ഇതിനായി ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പുതിയ സർവ്വകലാശാല മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം തരത്തിൽ ഉപയുക്തമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാല എവിടെ സ്ഥാപിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വാണിജ്യ പ്രാധാന്യമുള്ള മത്സ്യയിനങ്ങളുടെ ലഭ്യത</u>

7718 ശ്രീ. സി. മമ്മൂട്ടി
'' എം. ഉമ്മര്‍
'' കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാണിജ്യ പ്രാധാന്യമുള്ള മത്സ്യ ഇനങ്ങളുടെ ലഭ്യത സംസ്ഥാന ത്തിന്റെ കടലോരമേഖലയില്‍ വര്‍ദ്ധിപ്പിക്കുന്നതിന് സഹായ കരമായ വിധത്തിലുള്ള ഗവേഷണ, പരിപോഷണ പ്രവര്‍ത്തനങ്ങള്‍, ഫിഷറീസ് വകുപ്പോ ഫിഷറീസ് സര്‍വ്വകലാശാലയോ ഏറ്റെടുത്തു നടപ്പാക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം നല്കാമോ;

(ബി) അത്തരം മത്സ്യഇനങ്ങളുടെ കുഞ്ഞുങ്ങളെ ഹാച്ചറികളില്‍ ഉല്പാദിപ്പിച്ച് അനുയോജ്യ സമുദ്രമേഖലകളില്‍ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കില്‍ ഏതെല്ലാം ഇനങ്ങളെയാണ് ഈ പദ്ധതികളില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളുടെ വിശദവിവരം നല്കാമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പുതിയങ്ങാടി ഫിഷിംഗ് ഹാർബർ</u>

7719 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്ത് തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത് ; ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

വള്ളിക്കുന്ന് കടലുണ്ടി ആനങ്ങാടി ബീച്ചിൽ ഫിഷ് ലാന്റിംഗ് സെന്റർ

7720 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടലുണ്ടി നഗരം ആനങ്ങാടി ബീച്ചിൽ പുതിയ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതു സ്ഥാപിക്കുവാൻ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പ്രദേശത്തെ പഴകി ദ്രവിച്ച് ഉപയോഗശൂന്യമായ ഫിഷ് ലാന്റിംഗ് സെന്റർ പൊളിച്ചു മാറ്റി പുതിയത് പണിയാൻ മതിയായ സൗകര്യങ്ങളും സർക്കാർ സ്ഥലവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതിയ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പണി എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മൽസ്യ സമൃദ്ധി പദ്ധതി</u>

7721 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള മൽസ്യ സമൃദ്ധി പദ്ധതി മുൻവർഷത്തെ മൽസ്യകേരളം പദ്ധതി പുനർനാമകരണം ചെയ്തതാണോ; അല്ലെങ്കിൽ പുതിയ പദ്ധതിയാണോയെന്ന് വെളിപ്പെടുത്തുമോ; പുതിയതാണെങ്കിൽ പഴയ പദ്ധതിയിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് ഈ പദ്ധതിയിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) മൽസ്യ സമൃദ്ധി പദ്ധതിക്കായി ഏതെല്ലാം ധന സ്രോതസ്സുകളിൽ നിന്നും എന്ത് തുക വീതമാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കേളത്തിലെ ഉൾനാടൻ മൽസ്യ സമ്പത്ത് 3 വർഷം കൊണ്ട് എത്ര മാത്രം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്;

(ഡി) ഉൽപ്പാദിപ്പിക്കപ്പെടുന്ന മൽസ്യം വിപണനം നടത്തുന്നതിനും, കർഷകർക്ക് നല്ല ആദായം ലഭ്യമാക്കുന്നതിനും പദ്ധതിയിൽ എന്തെങ്കിലും മാർഗ്ഗങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തീരദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനം</u>

7722 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശ റോഡു നിർമ്മാണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തീരദേശ റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് വൈക്കം നിയോജക മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാമെന്നും ഇതുമായി ബന്ധപ്പെട്ട് എന്തു തുകയാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) തിരുവിതാംകൂർ രാജാവിന്റെ നാവിക സൈന്യാധിപനായിരുന്ന 'ചെമ്പിലരയന്റെ' പേരിലുള്ള വൈക്കം 'ചെമ്പിലരയൻ റോഡ്'' തീരദേശ റോഡു പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>നാട്ടിക നിയോജക മണ്ഡലത്തിൽ മാതൃകാ മത്സ്യഗ്രാമ പദ്ധതി</u>

7723 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാട്ടിക നിയോജകമണ്ഡലത്തിൽ മാതൃകാ മത്സ്യഗ്രാമ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സംയോജിത ഗ്രാമ വികസന പദ്ധതി</u>

7724 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക വിനിയോഗിച്ച് അനുവദിക്കുന്ന 11 മത്സ്യ ഗ്രാമങ്ങളിലോരോന്നിന്റെയും സമഗ്ര വികസനത്തിനായി നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം ഘടകങ്ങൾക്കാണ് ധനസഹായം നൽകുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ

7725 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽ മരണമടയുന്ന തൊഴിലാളികളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ, മരണകാരണം ഹൃദയാഘാതം എന്നു രേഖപ്പെടുത്തിയതിന്റെ പേരിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകാതെ വരുന്ന സാഹചര്യം നിലവിലുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

പുറക്കാടിലെ കടലാക്രമണം

7726 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിന്റെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ കടലാക്രമണ ഭീതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ കടലാക്രമണം തടയുന്നതിന് മത്സ്യബന്ധന-തുറമുഖ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ തീരപ്രദേശത്ത് കടലാക്രമണം തടയുന്നതിനായി പുലിമുട്ട് സ്ഥാപിക്കുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതിനും മത്സ്യബന്ധന-തുറമുഖ വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പുതിയങ്ങാടിയിൽ മറൈൻ ആബുലൻസ്</u>

7727 ശ്രീ. റ്റി.വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരെ അപകടത്തിൽ നിന്ന് രക്ഷിക്കുന്നതിനും സഹായിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അപകടത്തിൽപെട്ടാൽ രക്ഷപ്പെടുത്തുന്നതിന് പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ഓക്സിജൻ സൗകര്യം ഉൾപ്പെടെയുള്ള എല്ലാവിധ സജ്ജീകരണങ്ങളോടെയുമുള്ള സീ റസ്ക്യൂ ബോട്ടിന്റെ സേവനം (മറൈൻആംബുലൻസ്) മത്സ്യത്തൊഴിലാളികൾ കൂടുതലുള്ള പുതിയങ്ങാടിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## പഞ്ഞമാസ സമാശ്വാസ പദ്ധതി

7728

### ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യത്തിന് ഈ വർഷം എത്ര തൊഴിലാളികൾ അർഹരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ഞമാസ സമാശ്വാസ പദ്ധതിയിലൂടെ ഈ വർഷം ഓരോ തൊഴിലാളിക്കും പ്രതിമാസം എത്ര തുക വീതം ലഭ്യമാക്കുമെന്നും എത്ര മാസത്തേയ്ക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര - സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും അവ ലഭ്യമായോയെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഇ) നടപ്പുവർഷം ഇതിനായുള്ള നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) തുക ലഭ്യമായില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ മുഴുവന്‍ ബി.പി.എല്‍ ലിസ്റ്റില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി</u>

7729 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ മുഴുവന്‍ ബി.പി.എല്‍ ലിസ്റ്റില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികളുടെ കുടിശ്ശികയായ ഏതെല്ലാം തരം ലോണുകളാണ് എഴുതി ത്തള്ളിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര മത്സ്യത്തൊഴിലാളികളുടെ ബാധ്യതകള്‍ ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എഴുതിത്തള്ളി എന്ന് അറിയിക്കുമോ;

(ഡി) വിവിധ ലോണ്‍ കുടിശ്ശികകളില്‍ എത്ര മത്സ്യത്തൊഴിലാളികള്‍ക്ക് സമാശ്വാസം നല്‍കി എന്ന് വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്‍ കാര്യക്ഷമമായി പ്രവര്‍ത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങള്‍ ലഭ്യമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡിൽ നിന്നുള്ള മത്സ്യത്തൊഴിലാളി ആനുകൂല്യങ്ങൾ</u>

7730 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിവിധ പദ്ധതികൾ വഴി എന്തൊക്കെ ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതെന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ ആനുകൂല്യങ്ങൾ ഓരോന്നും ഏതു മാസം വരെ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ വിതരണത്തിന് മുടക്കം വന്നിട്ടുണ്ടെങ്കിൽ കുടിശ്ശിക തുക എന്ന് നൽകുമെന്നും ഇതിനായി ബോർഡിന് ധനസഹായം നൽകുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ സഹായമില്ലെങ്കിൽ ബോർഡ് ഈ തുക എങ്ങനെ കണ്ടെത്തുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്

7731 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ആനുകൂല്യവിതരണ ങ്ങൾക്കുള്ള തുക കണ്ടെത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിന് സുപ്രീം കോടതി വിധിയെതുടർന്ന് നൽകേണ്ടിയിരുന്ന 25% കുടിശ്ശിക തുക നൽകാത്ത സമുദ്രോൽപ്പന്ന കയറ്റുമതി സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾക്ക് തുക അടയ്ക്കാത്തതിനെ ത്തുടർന്ന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) തുടർന്നും കുടിശ്ശിക അടയ്ക്കാത്ത എത്ര സ്ഥാപനങ്ങളുണ്ടെന്നും ഇവയിൽ നിന്നും തുക ഈടാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ജപ്തി ഒഴിവാക്കാൻ നടപടി

7732 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിപ്രകാരം സിറ്റിംഗ് നടത്തി തുക എഴുതിത്തള്ളുന്ന കാര്യത്തിൽ ഗുണഭോക്താക്കൾക്ക് കത്ത് നല്കിയെങ്കിലും ബാങ്കുകൾ ജപ്തി നടപടികളുമായി മുമ്പോട്ട് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഗുണഭോക്താക്കൾക്ക് ബാങ്കുകളിൽനിന്നും ജപ്തി ഭീഷണിയുണ്ടാവാതിരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഉദുമയിലെ ഫിഷറീസ് റോഡുകൾ</u>

7733

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഗതാഗതയോഗ്യമല്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണം</u>

7734 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിച്ചു; എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ</u>

7735 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ 2011-2012 വർഷം എത്ര ഫിഷറീസ് റോഡുകൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) 2012-2013 വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഫിഷറീസ് വകുപ്പ് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ ;

(സി) 2012-2013 വർഷം അമ്പലപ്പുഴ നിയമസഭാംഗം നിർദ്ദേശിച്ച ഏതെല്ലാം വർക്കുകൾക്ക് ഫിഷറീസ് വകുപ്പ് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി</u>

7736 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിയുടെ ഉടമസ്ഥതയിൽ പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷനോട് ചേർന്ന് എത്ര ഏക്കർ സ്ഥലമാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സ്ഥലം യൂണിവേഴ്സിറ്റിയുടെ എന്തൊക്കെ ആവശ്യത്തിനാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്;

(സി) പ്രസ്തുത ഭൂമിയിൽ, പാരിസ്ഥിതിക ദുർബല പ്രദേശത്തിന്റെ പരിധിയിൽ വരുന്ന എത്ര ഏക്കർ ഭൂമിയുണ്ട്; വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത ഭൂമിയോ അതിന്റെ ഒരു ഭാഗമോ മറ്റേതെങ്കിലും ആവശ്യത്തിനായി സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സ്ഥലം ഏറ്റെടുക്കലിന് യൂണിവേഴ്സിറ്റിയുടെ അനുവാദം ആവശ്യമുണ്ടോ; എങ്കിൽ അനുവാദം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഫിഷറീസ് സർവ്വകലാശാലയും മത്സ്യബന്ധന വകുപ്പും</u>

7737 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരള ഫിഷറീസ് സർവ്വകലാശാല മുഖേന മത്സ്യമേഖലയുടെ വികസനത്തിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സർവ്വകലാശാലയുമായി കരാറിൽ ഏർപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ശാസ്ത്രീയ മത്സ്യകൃഷി സംബന്ധിച്ച് പുതിയ അറിവുകൾ നേടുന്നതിനായി ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മത്സ്യബന്ധന വകുപ്പ് യോജിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>വിമാനത്താവളം</u>

7738 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുന്നത് നിലവിലുള്ള ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തൊക്കെ വ്യവസ്ഥകളാണ് നിഷ്ക്കർഷിക്കുന്നത്;

(സി) ഗ്രീൻ ഫീൽഡ് എയർപോർട്ട് നിർമ്മിക്കുവാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഡി) യാത്രക്കാരുടെ തിരക്ക് നിയന്ത്രണാതീതമായി വർദ്ധിക്കുമ്പോൾ പരിഹാരമായി 150 കി.മീ. ദൂരത്തിൽ എയർപോർട്ടാകാം എന്ന കാര്യം നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(ഇ) കേരളത്തിലെ ഏതെങ്കിലും എയർപോർട്ടുകളിൽ നിയന്ത്രണാതീത മായ തിരക്ക് ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) വിമാനത്താവളങ്ങളിലെ തിരക്ക് വിലയിരുത്തുന്നതിന് രാജ്യന്തര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ജി) ദിവസവും രണ്ടു മണിക്കൂർ പോലും തിരക്കില്ലാത്ത കേരളത്തിലെ നിലവിലുള്ള എയർപോർട്ടുകൾ കൂടാതെ തൊട്ടടുത്ത എയർപോർട്ടിൽ നിന്നും 150 കി. മീറ്ററിനുള്ളിൽ ആറന്മുളയിൽ പുതിയ വിമാനത്താവളത്തിന് എന്തൊക്കെ അനുമതികളാണ് ഇതിനകം ലഭിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഗുണനിലവാരം</u>

7739 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന മൊബൈൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള സംവിധാനത്തിൽ മദ്യ പരിശോധനാ ഫലം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര കെമിക്കൽ എക്സാമിനേഷൻ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

മദ്യപാനംമൂലമുള്ള സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം

7740 ശ്രീ. എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിലെ വർദ്ധിച്ചു വരുന്ന മദ്യപാന ശീലത്തിൽ നിന്ന് ഉടലെടുക്കുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ബി) മദ്യപാനം എന്ന സാമൂഹ്യ വിപത്തിനെതിരെ ഏത് തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മദ്യപാനികളുടെ കുടുംബത്തിന് പുനരധിവാസ പാക്കേജ്</u>

7741 ശ്രീ. സി. മോയിന്‍കുട്ടി
,, എന്‍. ഷംസുദ്ദീന്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുടുംബനാഥന്റെ മദ്യപാനാസക്തിമൂലം ജീവിതം വഴിമുട്ടുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനായുള്ള എന്തെങ്കിലും പദ്ധതികള്‍ എക്സൈസ് വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) കുടുംബത്തിലെ വരുമാനമുള്ള അംഗങ്ങള്‍ മദ്യപാനം കൊണ്ട് മാറാരോഗികളായി മരണമടയുന്ന സാഹചര്യത്തില്‍ നിരാലംബരാകുന്ന കുടുംബങ്ങളുടെ എണ്ണം സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കുടുംബങ്ങളുടെ വിവരശേഖരണം നടത്താനും പ്രസ്തുത കുടുംബങ്ങളുടെ പുനരധിവാസത്തിനുമായി ഒരു പാക്കേജ് ആവിഷ്ക്കരിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മദ്യാസക്തി നിയന്ത്രിക്കുന്നതിന് നടപടി</u>

7742 ശ്രീ. സണ്ണി ജോസഫ്
'' ഹൈബി ഈഡൻ
'' കെ. മുരളീധരൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യാസക്തി നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മദ്യാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിനെ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മദ്യാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മദ്യാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ള ബോധവത്ക്കരണ പ്രചാരണ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ ; ഇതിനായി ഈ സർക്കാർ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം
തടയാൻ നടപടി

7743 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഞ്ചാവ്, മയക്കു മരുന്നുകൾ എന്നിവയുടെ ഉപയോഗം തടയുന്നതിന് വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി</u>

7744

ശ്രീ. എ. റ്റി. ജോര്‍ജ്
,, എം. പി. വിന്‍സെന്റ്
,, കെ. അച്ചുതന്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്ന മദ്യനയത്തിന് രൂപം നല്‍കിയിട്ടുണ്ടോ; വിശദാംശം നല്‍കാമോ;

(സി) ഓരോ കള്ളുഷാപ്പിലും നിശ്ചിത എണ്ണം തൊഴിലാളികളെ നിയമിക്കണമെന്ന് നിഷ്കര്‍ഷിച്ചിട്ടുണ്ടോ;

(ഡി) കള്ളുചെത്ത് തൊഴിലാളികളുടെ ജോലിസുരക്ഷ ഉറപ്പുവരുത്താന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന് കെമിക്കൽ ലബോറട്ടറി</u>

7745 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് പിടിച്ചെടുക്കുന്ന സ്പിരിറ്റ്, വ്യാജമദ്യം എന്നിവയുടെ രാസപരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെമിക്കൽ റിപ്പോർട്ട് യഥാസമയം ലഭിക്കാത്തത് മൂലം സ്പിരിറ്റ്, വ്യാജമദ്യ കേസുകളിൽ നടപടിയെടുക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെമിക്കൽ ലബോറട്ടറി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട കേസുകൾ</u>

7746 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സിപിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ സിപിരിറ്റ് കടത്തിയതിന് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; അതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച എത്ര കേസുകളിൻമേൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ ശിക്ഷ നടപ്പാക്കിയിട്ടുണ്ട്; ശേഷിക്കുന്ന കേസുകൾ എത്രയെണ്ണമെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മദ്യവില്പനയിൽ നിന്നും വില്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം</u>

7747 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വഴി 2012 ജനുവരി 1 മുതൽ 2012 ജൂൺ 30 വരെ എത്രകോടി രൂപയുടെ മദ്യം വിറ്റഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ബാർ ഹോട്ടലുകൾവഴി വിറ്റഴിക്കപ്പെട്ട മദ്യത്തിൽ നിന്നും വില്പന നികുതിയിനത്തിൽ 2008, 2009, 2010-2011 എന്നീ വർഷങ്ങളിൽ സർക്കാരിനു ലഭിച്ച വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മദ്യത്തിന് ഏർപ്പെടുത്തിയ സെസ്സ്</u>

7748 ശ്രീ. പി.കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ.കെ. നാരായണൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ സെസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനമെന്നും എന്നുമുതലാണ് വർദ്ധിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര ലിറ്റർ വീതം മദ്യം മുൻവർഷവും നടപ്പു വർഷവും കോർപ്പറേഷൻ വാങ്ങുകയുണ്ടായി;

(സി) മദ്യകമ്പനികൾക്ക് മദ്യത്തിന്റെ വില വർദ്ധിപ്പിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) മദ്യത്തിന് ഏർപ്പെടുത്തപ്പെട്ട നികുതി, സെസ്സ് തുടങ്ങിയ ഇനങ്ങളിലൂടെ മുൻവർഷം ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുകയിൽ ഏതെങ്കിലും പ്രത്യേക പദ്ധതിയ്ക്കായി മാറ്റിവയ്ക്കപ്പെട്ട തുക എത്രയാണ്; അത് ഏത് പദ്ധതിക്കാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ നിന്നും മദ്യകടത്ത്

7749 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽനിന്നും വ്യാപകമായി മദ്യം കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഔട്ട്ലെറ്റ് ചുമതലയുള്ള ജീവനക്കാരുടെ സഹായത്തോടെ നാട്ടിൻപുറങ്ങളിൽ അനധികൃത മദ്യവിതരണ കേന്ദ്രങ്ങളിലേയ്ക്ക് ഈ മദ്യം എത്തിച്ചേരുന്നത് തടയുവാൻ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുമോ ;

(സി) എക്സൈസ് വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ച് ഇത്തരം മദ്യവിതരണ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ബിവറേജസ് ഔട്ട്ലെറ്റുകളിലെ സ്റ്റോക്കും ബാങ്കിൽ പണം അടയ്ക്കുന്നതും പരിശോധിക്കുന്നതിനുള്ള ഓഡിറ്റ് എത്ര മാസം കൂടുമ്പോഴാണ് നടത്തുന്നത്; ഇത് ആഴ്ചയിലൊരിക്കൽ ആക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>റോഡുകൾക്ക് സമീപം പ്രവർത്തിക്കുന്ന മദ്യശാലകൾ</u>

7750 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാറുകളും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളും നാഷണൽ ഹൈവേ, എം. സി. റോഡ്, മറ്റു വാഹനത്തിരക്കേറിയ റോഡുകൾ എന്നിവയ്ക്ക് സമീപം പ്രവർത്തിക്കുന്നതിനാൽ മദ്യം കഴിച്ചിറങ്ങുന്നവർ വാഹനമിടിച്ച് മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സാഹചര്യം തടയാൻ നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ്</u>

7751 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള മാനദ്ണ്ഡം വ്യക്തമാക്കാമോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് ആവശ്യമുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഓഫീസ് അനുവദിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം</u>

7752 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹിദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ പ്രവേശിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടോ ; എങ്കിൽ ഓരോ വിഭാഗം ഉദ്യോഗസ്ഥർക്കും നൽകുന്ന പരിശീലനത്തിന്റെ വിശദാംശം നൽകാമോ ;

(ബി) ശാസ്ത്രീയമായ കുറ്റാന്വേഷണം നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും പരിശീലനം</u>

7753 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും കാലാനുസൃതമായ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(ബി) ഉദ്യോഗസ്ഥരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയ അന്വേഷണത്തിനുള്ള അഭിരുചി വളർത്തുന്നതിനും പരിശീലന പരിപാടി ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ എക്സൈസ് കേസുകളിലെ കുറ്റവാളികളെ സമയബന്ധിതമായി കണ്ടെത്തി ശിക്ഷാനടപടിയ്ക്ക് വിധേയമാക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് ജീവനക്കാർക്ക് തോക്ക്</u>

7754 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ജീവനക്കാർക്ക് തോക്കുൾപ്പെടെയുള്ള ആയുധം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

**എക്സൈസ് വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ അംഗബലം**

7755 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസികളിലെ ജീവനക്കാരുടെ അംഗബലം നിർണ്ണയിച്ചത് എന്നാണെന്ന് അറിയിക്കുമോ ; 1968-ൽ നിർണ്ണയിക്കപ്പെട്ട അംഗബലം അനുസരിച്ചാണോ വകുപ്പിലെ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്നത്; വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ 25 വർഷത്തിനുള്ളിൽ എക്സൈസുമായി ബന്ധപ്പെട്ട് ഉണ്ടായ കേസുകളുടെ വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; കേസുകളുടെ വർദ്ധനവ് കണക്കിലെടുത്ത് ഓരോ ഓഫീസുകളിലെയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയത് എന്ന് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പ് ജീവനക്കാരുടെ സ്ഥലം മാറ്റം</u>

7756 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഒരു സ്ഥലത്ത് ഒന്നര വർഷത്തിലധികം ജോലി നോക്കിയിട്ടില്ലാത്തവരെ സ്ഥലം മാറ്റരുതെന്ന എക്സൈസ് കമ്മീഷണറുടെ സർക്കുലർ നിലവിലുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എക്സൈസ് വകുപ്പിന് കീഴിലുള്ള എത്ര ജീവനക്കാരെ 2012 ജൂൺ 15 ന് ശേഷം സ്ഥലം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം സ്ഥലം മാറ്റപ്പെട്ടവരിൽ ഒരേ സ്ഥലത്ത് ഒന്നര വർഷത്തിൽ കൂടുതൽ ജോലിചെയ്യാത്തവർ എത്ര പേരുണ്ടായിരുന്നുവെന്ന് വ്യക്മാക്കാമോ ;

(ഡി) ഇവരുടെ സ്ഥലം മാറ്റം ചട്ട വിരുദ്ധമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?